(എഫ്) ഇതുവരെ എത്ര തുക പലിശ ഇനത്തിലും മുതൽ ഇനത്തിലും തിരിച്ചടച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

നികുതി വരുമാനവും നികുതിയേതര വരുമാനവും

12 (398) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ബി) ഇതിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര വീതമാണ് ;

(സി) ഇതുവരെ എത്ര രൂപ വീതം ഇതിൽ സമാഹരിക്കുവാൻ സാധിച്ചു ;

(ഡി) ഈ സാമ്പത്തിക വർഷം ലക്ഷ്യമിട്ടിരിക്കുന്ന നികുതി വരുമാനവും നികുതിയേതര വരുമാനവും പൂർണ്ണമായും സമാഹരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിന്റെ കാരണം എന്താണ് ;

(എഫ്) ഈ വർഷം എ.ആർ.എം. ആയി എത്ര രൂപ സമാഹരിക്കുവാനാണ് പരിപാടിയിട്ടത് ;

(ജി) ഇതിൽ എത്ര രൂപ സമാഹരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) (സി.ഇ.) 2000-01) 10,170.35 കോടി രൂപ.

(ബി) നികുതി വരുമാനം : 8,589.86 കോടി രൂപ.

നികുതിയേതര വരുമാനം(ഗ്രാന്റ് ഇൻ എയ്ഡ് ഉൾപ്പെടെ) : 1,580.49 കോടി രൂപ.

(സി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് ലഭിച്ചിട്ടില്ല.

(ഡി) സമാഹരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) ഉദിക്കുന്നില്ല.

(എഫ്) 108.10 കോടി രൂപ.

(ജി) ഇതനുസരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly